ലിസം കലയിൽനിന്നും അപ്രത്യക്ഷമായിത്തുടങ്ങി. അതിന്റെ വക്താവായ ആന്ദ്രെബ്രട്ടൻ തന്നെ വിപ്ലവാത്മക രാഷ്ട്രീയ മുന്നേറ്റങ്ങളാണ് സർറിയലിസ്റ്റു പ്രസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് വാദിച്ചതോടെ അതിൽപ്പെട്ട കലാകാരന്മാർ മറ്റു വഴികളിലേക്കു തിരിഞ്ഞു.

## ഗ്രന്ഥസൂചി


അച്യുതൻ.എം, 2004, *പാശ്ചാത്യ സാഹിത്യദർശനം*, ഡി.സി. ബുക്സ്, കോട്ടയം : 2004.

കേസരി എ.ബാലകൃഷ്ണപിള്ള, 1984, *കേസരിയുടെ സാഹിത്യവിമർശനങ്ങൾ*, എസ്.പി.സി.എസ്, കോട്ടയം.

Berton, Audre, *Manifestors of Surrealism*, 1978, Anu Arbor, University of Michigahpress, Newyork.

Cuddon.JA, 1999, *A Dictionary of Literary Terms & Literary Theory*, Penguin Books.

Freud Sigmund, 1992, *The Interpretation of Driams*, Trbs : James Strachery, Penguin Books.

Peter Chirds, 2006, Roger Fowler. *The Routledge Dictionary of Liderary Terms*, Routledge, Newyork.

Ross Marfin, 2009, Supriya. M, *The Besford Glossary of Critical and Literary Terms*. Bedfird, Boston.

# സർറിയലിസം : ഉൽപ്പത്തിയും വികാസവും

○ ഡോ. വി.രാജീവ്*

പ്രബന്ധസംഗ്രഹം

ഇരുപതാം നൂറ്റാണ്ടിൽ രൂപംകൊണ്ട പ്രധാന കലാസാഹിത്യ മുന്നേറ്റങ്ങളിലൊന്നാണ് സർറിയലിസം. ലോകമഹായുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ പിറവികൊണ്ട ഈ പ്രസ്ഥാനം യൂറോപ്പിൽ നിലനിന്നിരുന്ന ഹേതുവാദത്തേയും ന്യായവാദത്തേയും എതിർത്തുകൊണ്ട് മനോവികാരങ്ങളെ സ്വാഭാവികമായി ആവിഷ്കരിക്കാനുള്ള പുതിയ ഉപാധിയായി മാറിയതെങ്ങിനെയെന്ന് വിശദീകരിക്കുന്നു. ഫ്രോയ്ഡിന്റെ മനോവിശകലന സിദ്ധാന്തത്തിലെ അടിസ്ഥാനതത്ത്വങ്ങൾ സർറിയലിസ്റ്റുകൾ സ്വീകരിച്ചവിധം വിശകലനം ചെയ്തുകൊണ്ട് ചിത്രകല, ഫോട്ടോഗ്രഫി എന്നീ രംഗങ്ങളിലെ സർറിയലിസത്തിന്റെ സാന്നിദ്ധ്യവും പ്രശ്നവത്കരിക്കുന്നു. ഇത്തരത്തിൽ സർറിയലിസത്തിന്റെ ഉൽപ്പത്തിയും വികാസവും ചരിത്രപരമായി രേഖപ്പെടുത്താനാണ് പ്രബന്ധം മുഖ്യമായി ഉദ്ദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ** : സർറിയലിസം, റിയലിസം, ഡാഡായിസം, മനോവിശകലനം.

ഇരുപതാം നൂറ്റാണ്ടിൽ രൂപംകൊണ്ട പ്രധാന കലാസാഹിത്യ മുന്നേറ്റങ്ങളിലൊന്നാണ് സർറിയലിസം. 'സൂപ്പർ റിയലിസം' എന്ന പേരിലും ഈ കലാപ്രസ്ഥാനം അറിയപ്പെടുന്നു. 1924ൽ ആൻഡ്രെബ്രെട്ടൻ പ്രസിദ്ധപ്പെടുത്തിയ 'സർറിയലിസ്റ്റിക് മാനിഫെസ്റ്റോ'യിലൂടെ ഈ കലാപ്രസ്ഥാനത്തിന് ഔദ്യോഗികമായി തുടക്കംകുറിച്ചു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ ഇടയ്ക്കുള്ള കാലമായിരുന്നു. സർറിയലിസത്തിന്റെ പുഷ്പകലകാലം. ഗിൽപം അപ്പോളിനിയർ ആണ് സർറിയലിസമെന്ന പദം ഈ പ്രസ്ഥാനത്തിനു നൽകിയത്. അബോധമനസ്സിനെ ഭാവനയുടെ ആവിഷ്കരണോപാധിയായി സ്വീകരിക്കുകയും യുക്തിയുടെയും ഔപചാരികതയുടെയും ആത്മനിയന്ത്രണത്തിന്റെയും കേടുപാടുകളിൽനിന്ന് കലയെ മോചിപ്പിക്കുകയും ചെയ്യുകയാണ് ഈ പ്രസ്ഥാ

* അസോസിയേറ്റ് പ്രൊഫസർ, കേന്ദ്ര കേരള സർവകലാശാല, കാസർഗോഡ്